# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം**

5536 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് അന്തർദേശീയ തലത്തിലുള്ള തൊഴിൽ അവസരം ലഭിക്കുന്നുണ്ടോ;

(ബി) വിദേശ രാഷ്ട്രങ്ങളിലുള്ള തൊഴിൽ ദായകർക്ക് എംപ്ലോയ്മെന്റുകളിൽ രജിസ്റ്റർ ചെയ്തവരുടെ പേരും യോഗ്യതയും ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ സംവിധാനത്തിലൂടെ വിദേശത്ത് ജോലി ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ രജിസ്ട്രേഷൻ

5537 ശ്രീ.ലൂഡി ലൂയിസ്
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ രജിസ്ട്രേഷൻ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത സംവിധാനം വഴി രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ഉദ്യോഗാർത്ഥികളെ തൊഴിലവസരങ്ങൾ അറിയിക്കാൻ എസ്. എം. എസ്. അലേർട്ട് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുന:സംഘടിപ്പിക്കാനുള്ള പദ്ധതി</u>

5538 ശ്രീ. ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, എം.എ. വാഹീദ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുന:സംഘടിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തൊഴിൽരഹിതരെ ഏതെങ്കിലും മേഖലയിൽ പ്രാപ്തരാക്കുക എന്ന ലക്ഷ്യം നിറവേറ്റാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് പരിശീലനം നൽകുന്നതിനുള്ള വ്യവസ്ഥകൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ</u>

5539 ശ്രീ. ആർ. സെൽവരാജ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' ബെന്നി ബെഹനാൻ
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഏത് കാലയളവിലെ രജിസ്ട്രേഷനാണ് ഈ ആനുകൂല്യം ലഭിക്കുന്നത്;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

## റീജിയണൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

5540 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റീജിയണൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ് ഉള്ളത്; ഏതെല്ലാം;

(ബി) കോഴിക്കോട് റീജിയന്റെ പരിധിയിൽ ഫൈൻ ആർട്സ് കോളേജുകൾ ഇല്ലാത്തതിനാൽ ഇവിടെ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ഫൈൻ ആർട്സ് കോളേജുകളിലേക്ക് അവസരങ്ങൾ ഉണ്ടാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യം പരിഗണിച്ച് കോഴിക്കോട് റീജിയനിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മറ്റു റീജിയനുകളിലെ ഫൈൻ ആർട്സ് കോളേജുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് നിയമനത്തിന് പരിഗണിക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത വിധവകൾ</u>

5541 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത എത്ര വിധവകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിധവകൾക്ക് ജോലി നൽകുന്നതിൽ എന്തെല്ലാം പരിഗണനകളാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വിധവകളെ എംപ്ലോയ്മെന്റ് നിയമനങ്ങൾക്കായി ശുപാർശ ചെയ്തുവെന്നും, എത്ര പേർക്ക് നിയമനം നൽകിയെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

**ആറ്റിങ്ങൽ, കിളിമാനൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർ**

5542 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ, കിളിമാനൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഏത് തീയതിവരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെയാണ് ഇതുവരെ താൽക്കാലിക നിയമനങ്ങൾക്കും, പാർട്ട്–ടൈം നിയമനങ്ങൾക്കും പരിഗണിച്ചിട്ടുള്ളത്; ജനറൽ, പട്ടികജാതി, പട്ടിക വർഗ്ഗം, മറ്റ് പിന്നോക്കവിഭാഗക്കാർ, വിധവകൾ, വികലാംഗർ എന്നിവരുടെ കണക്ക് ഇനംതിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ട്രാവൽ ഏജൻസികൾ മുഖേന എടുക്കുന്ന വിമാന യാത്രാ ടിക്കറ്റുകൾ</u>

T5543 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിമാന യാത്ര ടിക്കറ്റുകൾ കൈകാര്യം ചെയ്യുന്ന ഏജൻസി പൊതു മേഖലയിൽ പ്രവർത്തിക്കുന്നുണ്ടോ; സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന 'ഒഡേപെക്' എന്ന സ്ഥാപനം വിമാന യാത്രാ ടിക്കറ്റുകൾ ഉൾപ്പടെയുള്ള സേവനങ്ങൾ നൽകുന്നുണ്ടോ;

(ബി) എങ്കിൽ സർക്കാർ സ്ഥാപനം നിലവിലുള്ളപ്പോൾ മന്ത്രിമാരുടെയും, പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെയും ഉൾപ്പെടെയുള്ള വിമാന ടിക്കറ്റുകൾ സ്വകാര്യ ട്രാവൽ ഏജൻസികൾ വഴി എടുക്കുന്നത് എന്തുകൊണ്ടാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രി ഉൾപ്പെടെ മന്ത്രിമാർ ആരെങ്കിലും 'ഒഡേപെക്' എന്ന സ്ഥാപനം വഴി വിമാന യാത്രാ ടിക്കറ്റ് എടുത്തിട്ടുണ്ടോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

വ്യാപാര സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീ ജീവനക്കാരുടെ തൊഴിൽ-വേതന സുരക്ഷയും, സംരക്ഷണവും

5544 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് വേതനം, മറ്റ് അലവൻസുകൾ, അവധികൾ, മറ്റുതരത്തിലുള്ള ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതു സംബന്ധിച്ച് ചട്ടങ്ങളോ നിയമങ്ങളോ നിലവിലുണ്ടോ;

(ബി) രാവിലെ വളരെ നേരത്തേയെത്തുകയും രാത്രി വളരെ വൈകി ജോലിചെയ്യേണ്ടിവരികയും ചെയ്യുന്ന ഇവർക്കു ലഭിക്കുന്ന വേതനം വളരെ തുച്ഛമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കച്ചവട-വ്യാപാര സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീ ജീവനക്കാരുടെ തൊഴിൽ-വേതന സുരക്ഷയും, സംരക്ഷണവും ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

തൊഴിലാളി സംഘടനകളുടെ രജിസ്ട്രേഷൻ
ഓൺലൈനിൽ ആക്കുന്ന പദ്ധതി

5545 ശ്രീ. കെ. ശിവദാസൻ നായർ
,, പി.സി. വിഷ്ണുനാഥ്
,, വർക്കല കഹാർ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാപാരസ്ഥാപനങ്ങളുടേയും തൊഴിലാളി സംഘടനകളുടേയും രജിസ്ട്രേഷൻ ഓൺലൈനിൽ ആക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
# 4.07.2013-ലെ മറുപടിക്ക്

<u>ലേബർ ക്യാമ്പുകൾ</u>

5546 ശ്രീ. എം. എ. വാഹിദ്
,, ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലിചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ലേബർ ക്യാമ്പുകൾ തുടങ്ങുന്നതിനുളള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ആരെയെല്ലാമാണ് സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ലേബർ ക്യാമ്പുകൾ വഴി നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ</u>

5547 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, പാലോട് രവി
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളെ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി നിയമനിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഇവർക്ക് ആവശ്യമായ സുരക്ഷയും അടിസ്ഥാനസൗകര്യവും ഏർപ്പെടുത്തുന്ന വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>അന്യ സംസ്ഥാന തൊഴിലാളികൾ</u>

5548 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യ സംസ്ഥാന തൊഴിലാളികൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സംസ്ഥാനക്കാർ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തൊഴിലാളികൾ പലരും മോശമായ സാഹചര്യത്തിൽ താമസിക്കുന്നതിനാൽ പരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

എസ്റ്റേറ്റ് തൊഴിലാളി പുനരധിവാസ പദ്ധതി

5549 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എന്‍. ഷംസുദ്ദീന്‍
,, സി. മോയിന്‍കുട്ടി
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എസ്റ്റേറ്റ് തൊഴിലാളികള്‍ക്കായി എന്തെല്ലാം പുനരധിവാസ പദ്ധതികള്‍ നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിനുവേണ്ടി രൂപീകരിച്ച കമ്പനിയുടെ പ്രവര്‍ത്തനം ഏതു ഘട്ടത്തിലാണ്;

(സി) തോട്ടം തൊഴിലാളികള്‍ ആ മേഖല വിട്ടുപോകുന്ന പ്രവണത തടഞ്ഞ് അവരെ അവിടെത്തന്നെ നില നിര്‍ത്താന്‍ പ്രേരകമായ എന്തെല്ലാം പരിപാടികളാണ് കമ്പനി ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ഗാര്‍ഹിക തൊഴിലാളികള്‍ക്ക് ആനുകൂല്യങ്ങള്‍</u>

5550 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗാര്‍ഹിക തൊഴിലാളികള്‍ക്ക് ഐ. എല്‍. ഒ. അംഗീകരിച്ച 'അന്താരാഷ്ട്ര പ്രമാണം' എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയില്‍ എന്തെല്ലാമാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്; എന്തെല്ലാമാണ് നടപ്പാക്കാനുള്ളത് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിനായി നിയമമുണ്ടാക്കാന്‍ സര്‍ക്കാര്‍ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ഡി) കുറഞ്ഞ വേതനവും, ക്രമീകൃതമല്ലാത്ത തൊഴില്‍ സമയവും, സുരക്ഷിതത്വമില്ലായ്മയും, പീഡനങ്ങളും അനുഭവിക്കുന്ന ഇത്തരം തൊഴില്‍ മേഖലയിലെ തൊഴിലാളികള്‍ക്ക് മിനിമം കൂലി, പ്രസവാനുകൂല്യം, വര്‍ക്ക്മെന്‍ കോമ്പന്‍സേഷന്‍, തുല്യവേതനം, എംപ്ലോയീസ് സ്റ്റേറ്റ് ഇന്‍ഷ്വറന്‍സ്, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ സംബന്ധിച്ച നിയമങ്ങളുടെ ആനുകൂല്യങ്ങള്‍ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) ഇവരെ പ്രസ്തുത നിയമങ്ങളിന്‍ കീഴില്‍ കൊണ്ടു വരുവാനും, അവര്‍ക്ക് രജിസ്ട്രേഷന്‍ ഏര്‍പ്പെടുത്തുവാനും എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് നിലവില്‍ എത്ര ഗാര്‍ഹിക തൊഴിലാളികള്‍ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ശരണ്യ സ്വയം തൊഴിൽ പദ്ധതി

5551

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശരണ്യ സ്വയംതൊഴിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2010-2011 ൽ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് സ്വയം തൊഴിൽ വായ്പ അനുവദിച്ചു; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) 2011-12 വർഷത്തിൽ ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കപ്പെട്ടവരുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(ഡി) പദ്ധതി പ്രകാരം ധനസഹായത്തിനായി അപേക്ഷിക്കപ്പെട്ട എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

5552 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഫാക്ടറികളിൽ നിന്നും എത്ര കിലോമീറ്റർ അകലെയുള്ള ആശുപത്രികളിലാണ് തൊഴിലാളികൾ ചികിത്സ നടത്തണമെന്ന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ആശുപത്രികളുടെ ദൂരപരിധി സംബന്ധിച്ച് നിയമം നിലവിൽ വന്നിട്ട് എത്ര കാലമായി; ഈ നിയമം കാലോചിതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കർഷക തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ</u>

5553 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിവിധ ആനുകൂല്യങ്ങൾ നല്കാനുള്ള വകയിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് അറിയിക്കുമോ;

(സി) അതിവർഷാനുകൂല്യം മാത്രം എത്രപേർക്ക് നല്കാനുണ്ടെന്നും അതിനാവശ്യമായ കുടിശ്ശിക തുക എത്രയാണെന്നും അറിയിക്കുമോ;

(ഡി) കുടിശ്ശിക ആനുകൂല്യങ്ങൾ പൂർണ്ണമായും എപ്പോൾ കൊടുത്തു തീർക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് എത്ര രൂപ അനുവദിച്ചു നല്കിയെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 4.07.2013–ലെ മറുപടിക്ക്

<u>അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതി</u>

5554 ഡോ. എന്‍. ജയരാജ്
ശ്രീ. പി.സി ജോര്‍ജ്
,, എം. വി. ശ്രേയാംസ് കുമാര്‍
,, റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുളളത്;

(ബി) ഇതുമായി ബന്ധപ്പെട്ട് ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നതിനുശേഷം നടപ്പില്‍ വരുത്തിയതും ആവിഷ്കരിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങള്‍ നല്കുമോ;

(സി) അസംഘടിത മേഖലയിലെ യോഗ്യതയുളളവരും തൊഴിലില്ലാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചില്‍ പേര് രജിസ്റ്റര്‍ ചെയ്തിട്ടുളളവരുമായ വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമിട്ടു പുതിയ പദ്ധതികള്‍ക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്കുമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി</u>

5555

**ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി ചെയ്യണമെന്ന്, ട്രേഡ് യൂണിയനുകൾ നിവേദനം നല്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടികളാണ് കൈക്കൊണ്ടത്;

(സി) മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ എത്ര പേർ ആകെ ചേർന്നിട്ടുണ്ട്?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>നിർമ്മാണത്തൊഴിലാളി ക്ഷേമനിധി</u>

5556 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് അംഗങ്ങൾക്കും കുടുംബങ്ങൾക്കും നലകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ആനുകൂല്യങ്ങളും എത്ര തുക വീതമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ ആനുകൂല്യങ്ങൾ വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന</u>

5557 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, എം. പി. അബ്ദുസ്സമദ് സമദാനി
,, എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയസ്വാസ്ഥ്യബീമാ യോജനയിൻ കീഴിൽ ഈ വർഷം ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശം നല്കാമോ ;

(ബി) ഇതിനായി എന്തു തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; എന്തു തുക ലഭിച്ചിട്ടുണ്ട്?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>കെട്ടിടനിർമ്മാണ മേഖലയിൽ സുരക്ഷാ ഓഡിറ്റ്</u>

5558 ശ്രീ. എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ മേഖലയിൽ സുരക്ഷാ ഓഡിറ്റ് ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഒരു സുരക്ഷാ മാനുൽ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഓഡിറ്റിംഗിന് യോഗ്യതയുളള ഏജൻസികളെ കണ്ടെത്തുന്നതിനുളള വ്യവസ്ഥകൾ മാനുലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>കയറ്റിറക്കു കൂലി</u>

5559 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' ആർ. സെൽവരാജ്
'' ഹൈബി ഈഡൻ
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചുമട്ട് തൊഴിലാളികൾക്കുള്ള കയറ്റിറക്കു കൂലി പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ;

(ബി) ഇതിനുള്ള അനുമതി തൊഴിൽ വകുപ്പ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനുള്ള തുടർനടപടി ആരാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>നോക്കുകൂലി</u>

5560 ശ്രീ. വര്‍ക്കല കഹാര്‍
,, പാലോട് രവി
,, ഷാഫി പറമ്പില്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഈ ജില്ലകളിലെ നോക്കുകൂലി പ്രശ്നങ്ങള്‍ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്;

(ഡി) ബാക്കി ജില്ലകളെ കൂടി നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിന് എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി</u>

5561 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരണപ്പെട്ട ചാരായ തൊഴിലാളികളുടെ ആശ്രിതർക്ക് അബ്കാരി തൊഴിലാളിക്ഷേമനിധി ബോർഡ് മുഖേന തൊഴിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച മാനദണ്ഡം എപ്രകാരമാണന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

ഓട്ടോ ഡ്രൈവർമാർക്ക് തിരിച്ചറിയൽ കാർഡ്

5562 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട്ടോ ഡ്രൈവർമാർക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഇത്തരം തിരിച്ചറിയൽ കാർഡുകളിൽ ഉൾപ്പെടുത്തുന്ന അടിസ്ഥാന വിവരങ്ങളെക്കുറിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

സേഫ്റ്റി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് ട്രെയിനിംഗ്

5563 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേഫ്റ്റി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് ട്രെയിനിംഗ് ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനം എവിടെയാണ് പ്രവർത്തിക്കുന്നത്?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>വ്യാവസായിക പരിശീലനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ</u>

5564 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷക്കാലത്ത് വ്യാവസായിക പരിശീലനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് വ്യവസായ പരിശീലന വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) 2012-13 വർഷത്തിൽ അതിനായി എത്ര തുക നീക്കി വെച്ചിരുന്നു; എത്ര തുക ചെലവഴിച്ചു; എന്തെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് കണക്ക് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>'ഐ.ടി.ഐ' കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന നടപടി</u>

5565 ശ്രീ. മോൻസ് ജോസഫ്
'' സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഐ.ടി.ഐ' കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം പുതിയ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഐ.ടി.ഐ കളിൽ പുതുതായി ആരംഭിച്ച കോഴ്സുകൾ ഏതെല്ലാമാണ്;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത ഐ.ടി.ഐ കൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**4.07.2013–ലെ മറുപടിക്ക്**

<u>ഐ. റ്റി. ഐ. കളിൽ പുതിയ കോഴ്സ്</u>

5566

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഐ. റ്റി. ഐ. കളിൽ പുതിയതായി കോഴ്സ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഐ. റ്റി. ഐ. കളിൽ ഏതെല്ലാം കോഴ്സുകളാണ് തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പട്ടികജാതി വിഭാഗക്കാരും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും കൂടുതലായി അധിവസിക്കുന്ന മേഖലയായ ആറ്റിങ്ങലിലെ ഗവൺമെന്റ് ഐ. ടി. ഐ. യിൽ പുതിയതായി കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കയ്യൂർ ഗവൺമെന്റ് മോഡൽ ഐ. ടി. ഐ. യിൽ കോഴ്സുകൾ</u>

5567

ശ്രീ. കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്യൂർ ഗവൺമെന്റ് മോഡൽ ഐ. ടി. ഐ. യിൽ നിലവിൽ എത്ര കോഴ്സുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കോഴ്സുകൾ എൻ. സി. വി. ടി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എൻ. സി. വി. ടി. അംഗീകാരം ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**4.07.2013-ലെ മറുപടിക്ക്**

<u>ചാലക്കുടി ഐ. ടി. ഐ. കളിൽ പുതിയ കോഴ്സുകൾ</u>

5568

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഐ. ടി. ഐ., ചാലക്കുടി വനിതാ ഐ. ടി. ഐ. എന്നിവിടങ്ങളിൽ പുതുതായി ഏതെങ്കിലും കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) അനുവദിച്ചിട്ടുള്ള കോഴ്സുകളിൽ ആവശ്യമായ ഇൻസ്ട്രക്റ്റേഴ്സിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം</u>

5569 ശ്രീ.ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വന്തമായി സ്ഥലമുള്ള കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

5570 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 4.07.2013–ലെ മറുപടിക്ക്

<u>സമ്പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷ</u>

5571

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ. പി. എൽ, ബി. പി. എൽ വ്യത്യാസമില്ലാതെയും സംസ്ഥാനത്തെ സർക്കാർ ജീവനക്കാരിൽ നിന്നും മാസാമാസം ഒരു നിശ്ചിത തുക ഈടാക്കി അവരെയും ഉൾപ്പെടുത്തി നിലവിൽ ആരോഗ്യ ഇൻഷൂറൻസ് ഇല്ലാത്തവർക്ക് കൂടി സമ്പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 4.07.2013-ലെ മറുപടിക്ക്

<u>ലേബർ കോടതികളുടെ പ്രവർത്തനം</u>

5572 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്
,, സി. മമ്മുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമം സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യാൻ തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലേബർ കോടതികളുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാം ഇത്തരം കോടതികൾ പ്രവർത്തിക്കുന്നുണ്ട്?